# അഭിമോന്റെ സ്വപ്നം

• റസീന ഇല്യാസ്

രാവിലെ ഒരു ഗ്ലാസ് പാലുമായ് അഭിമോന്റെ മുറിയിലേക്ക് അമ്മ എത്തി.

''മോനേ, എഴുന്നേൽക്ക്. സമയം ഒരുപാടായി. പല്ല് തേക്ക്. അമ്മക്ക് ജോലിക്ക് പോണം.''

എ.സി ഓഫ് ചെയ്ത് പുതപ്പ് മാറ്റി അമ്മ മകനെ ബാത്ത്റൂമിലാക്കി. മകനെ വേലക്കാരിയെ ഏൽപിച്ച് യാത്ര പറഞ്ഞ് അമ്മ പോയി. ടെറസിനു മുകളിൽ നിന്ന് ദൂരേക്ക് മറയുന്ന അമ്മയെ അഭിമോൻ അൽപനേരം നോക്കി നിന്നു.

പതിയെ താഴേക്കിറങ്ങി ഇന്റർലോക്കിട്ട മുറ്റത്തുകൂടി അവൻ ചെരുപ്പില്ലാതെ നടന്നു.

കൂറ്റൻ മതിലുകൾ ചുറ്റും. വളർന്നു നിൽക്കുന്ന നിറവും മണവുമില്ലാത്ത ചെടികൾ.. ആ കാഴ്ചകൾ അഭിമോനെ നിരാശപ്പെടുത്തി.

വലിയ താഴിട്ടുപൂട്ടിയ ഗെയിറ്റിനുള്ളിലൂടെ അവൻ പുറംലോകം കണ്ടു.

കൂട്ടത്തോടെ കളിച്ചും ചിരിച്ചും സ്കൂളിലേക്ക് പോകുന്ന കുട്ടികൾ, അച്ഛനോടൊപ്പം കൈപിടിച്ച് നടക്കുന്ന കുട്ടി. അതിനെക്കാളും അഭിമോനെ ഉല്ലാസത്തിലാക്കിയ കാഴ്ച അപ്പൂപ്പനും അമ്മൂമ്മയോടുമൊപ്പം നടന്നുപോകുന്ന കുട്ടി. എന്ത് ഉൽസാഹത്തോടെയാണ് ആ കുട്ടി അവരോടൊപ്പം യാത്ര പോകുന്നത്!

തന്റെ അപ്പൂപ്പനും അമ്മൂമ്മയും എവിടെയെന്നറിയില്ല.

രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോൾ അഭിമോന് ഇന്ന് കണ്ട ആ കാഴ്ച ഓർമ്മ വന്നു. സ്നേഹത്തോടെ കൈപിടിച്ച് നടത്തുന്ന അമ്മയും അച്ഛനും, ഉറങ്ങാൻ കിടക്കുമ്പോൾ അരികിൽ ചേർത്തുപിടിച്ച് കഥകൾ പറഞ്ഞു കൊടുക്കുന്ന അപ്പൂപ്പനും അമ്മൂമ്മയും, വീടിനു മുറ്റത്ത് ഓടിക്കളിക്കുന്ന അനിയനും അനിയത്തിയും.

ഇതൊക്കെ ആ കുഞ്ഞു മനസ്സിൽ എന്നും ഒരിക്കലും സഫലമാവാത്ത വെറും സാങ്കൽപിക കഥാപാത്രങ്ങളായിരുന്നു.

◈



▸▸ പോളിയോ വാക്സിൻ കണ്ടെത്തിയത്– ജൊനാസ് സാൽക്ക് (1955)